# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

നവംബർ

NOVEMBER 26 2016



## ശബരിമല പത്രക്കുറിപ്പ്-2



ഫോൺ : 04735-202664

www.prd.kerala.gov.in, prdsannidanam@gmail.com


### ശബരിമല സുരക്ഷ കൂടുതൽ ശക്തമാക്കാൻ തീരുമാനം

ശബരിമല: സന്നിധാനത്തിലേക്കുള്ള തിരക്ക് കൂടുന്നതിന്റെ പശ്ചാത്തലത്തിൽ നിലയ്ക്കൽ, പമ്പ ഉൾപ്പെടെയുള്ള സ്ഥലങ്ങളിൽ സുരക്ഷ ശക്തമാക്കുന്നതിന് തീരുമാനമായി. നിലമ്പൂരിൽ ഈയിടെയുണ്ടായ സംഭവങ്ങളുടെ പശ്ചാത്തലത്തിലും അതീവ സുരക്ഷ ഒരുക്കാനാണ് തീരുമാനം. ദ്രവരൂപത്തിലുള്ള സ്ഫോടക വസ്തുക്കളുടെ പരിശോധനയും കർശനമായി നടത്താൻ നിർദേശം നൽകി. ഇതുസംബന്ധിച്ച് ശബരിമല സുരക്ഷാ ചുമതലയുള്ള എറണാകുളം റേഞ്ച് ഐജി എസ്. ശ്രീജിത്ത് സന്നിധാനത്തെ ദേവസ്വം ഗസ്റ്റ് ഹൗസിൽ വിളിച്ചു ചേർത്ത അവലോകന യോഗത്തിലാണ് തീരുമാനം. അപ്പം, അരവണ എന്നിവയുണ്ടാക്കാനുപയോഗിക്കുന്ന നെയ്യ് ഉൾപ്പെടെയുള്ള സാധനങ്ങൾ ലാബ് ടെസ്റ്റ് നടത്തി ഉപയോഗിക്കാനാണ് നിർദേശം. ഗ്യാസ് സിലിണ്ടർ ലീക്ക് ഉണ്ടായാൽ തിരിച്ചറിയാൻ ഗ്യാസ് ഡിറ്റക്ടർ ഉടൻ സ്ഥാപിക്കും. ഇത് സന്നിധാനത്ത് എത്തിച്ചുകഴിഞ്ഞിട്ടുണ്ട്. കുടിവെള്ളം ഉൾപ്പെടെയുള്ളവ വിശദമായ പരിശോധനകൾക്ക് വിധേയമാക്കാനും തീരുമാനിച്ചിട്ടുണ്ട്. ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ ഭാഗമായി ജില്ലാകളക്ടറുടെ കീഴിലുള്ള എമർജൻസി ഓപ്പറേഷൻ സെന്ററിലൂടെ വിവിധ വകുപ്പുകളുടെ പ്രവർത്തനം ഏകോപിപ്പിക്കും. ദുരന്തമുണ്ടായാൽ അടിയന്തരമായി ഇടപെടാൻ വേണ്ട നിർദേശങ്ങൾ വിവിധ വകുപ്പുകൾക്ക് ഇതിനകം നൽകിക്കഴിഞ്ഞു.

നിലയ്ക്കൽ, പമ്പ, സന്നിധാനം എന്നിങ്ങനെ മൂന്ന് മുഖ്യസ്ഥലങ്ങൾ കേന്ദ്രീകരിച്ചാണ് സുരക്ഷാ ക്രമീകരണം. പുറ്റിങ്ങൽ ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ വെടിമരുന്ന് സംഭരണം ഉൾപ്പെടെയുള്ള കാര്യങ്ങളിൽ കർശന സുരക്ഷാ നിർദേശം പാലിക്കാനും തീരുമാനമായി.

അപ്പാച്ചിമേടിൽ നിന്നുള്ള കയറ്റമാണ് ഹൃദ്രോഗത്തിന്റെ അപകട സാധ്യത ഏറെയുള്ള കേന്ദ്രമായി കണക്കാക്കുന്നത്. ഇവിടെ നിന്നും അയ്യപ്പൻമാർ ഓടിക്കയറുന്നത് ആരോഗ്യത്തെ ബാധിക്കുന്നുണ്ട്. കാർഡിയോളജിസ്റ്റ് ഉൾപ്പെടെ 32 ഡോക്ടർമാരുടെയും മറ്റ് പാരാമെഡിക്കൽ സ്റ്റാഫുമാരുടെയും സേവനം സന്നിധാനത്തെ സർക്കാർ ആശുപത്രിയിൽ ലഭ്യമാക്കിയിട്ടുണ്ട്.

പത്തനംതിട്ട സബ് കളക്ടർ, ആർഎഎഫ് ഡെപ്യൂട്ടി കമാൻഡന്റ്, ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ തുടങ്ങിയ ഉന്നത ഉദ്യോഗസ്ഥരും വിവിധ വകുപ്പുകളിൽ നിന്നുള്ള ഉദ്യോഗസ്ഥരും യോഗത്തിൽ പങ്കെടുത്തു.

## ഡിസംബർ ഒന്നു മുതൽ കാർഡ് നിർബന്ധം:
## ഹൃദ്രോഗത്തിന് ചികിൽസ തേടിയത് 3000 പേർ

ശബരിമല: ഡിസംബർ ഒന്നു മുതൽ ശബരിമലയിൽ തൊഴിലെടുക്കുന്ന എല്ലാവർക്കും തിരിച്ചറിയൽ കാർഡ് നിർബന്ധമാക്കാൻ മണ്ഡലവിളക്ക് മഹോൽസവ അവലോകന യോഗത്തിൽ തീരുമാനമായി. ഇതു സംബന്ധിച്ച് ഇന്നലെ തന്നെ കടയുടമകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയുടെ അധികൃതർക്ക് നോട്ടീസ് നൽകിയിട്ടുണ്ട്. അടുത്ത ദിവസം മുതൽ തിരിച്ചറിയൽ കാർഡില്ലാത്തവരെ മലയിൽ നിന്ന് പുറത്താക്കാനും യോഗത്തിൽ തീരുമാനമായി.

മല ചവിട്ടുന്നവരിൽ ക്ഷീണം അനുഭവപ്പെടുന്നവർ അടിയന്തരമായി ചികിൽസ തേടണമെന്ന് ആരോഗ്യവകുപ്പ് അധികൃതർ ഓർമിപ്പിച്ചു. ഇതിനകം 20000 രോഗികൾ ചികിൽസ തേടിയതിൽ രണ്ടായിരത്തോളം പേർ ഹൃദയസംബന്ധമായ അസുഖങ്ങൾ ഉള്ളവരായിരുന്നു. അടിയന്തര ചികിൽസാ കേന്ദ്രങ്ങൾ 17 എണ്ണം വിവിധ കേന്ദ്രങ്ങളിലായി പ്രവർത്തിക്കുന്നുണ്ട്. ഒരു ഇ.എം.സി.കൂടി താമസിയാതെ ആരംഭിക്കും.

ജീവനക്കാർക്ക് ആരോഗ്യകാർഡ് നൽകുന്നതു സംബന്ധിച്ച് എല്ലാ താമസകേന്ദ്രങ്ങളിലും നോട്ടീസ് നൽകിയിട്ടുണ്ടെന്ന് എക്സിക്യൂട്ടീവ് ഓഫീസർ ആർ.രവിശങ്കർ പറഞ്ഞു. മല കയറിവരുന്നവർക്ക് ബിസ്കറ്റും വെള്ളവും നൽകാൻ കൂടുതൽ കേന്ദ്രങ്ങൾ സജ്ജമാക്കും. വിരി വയ്ക്കുന്നതിൽ കുത്തക എടുത്തിട്ടുള്ളവർ ഭക്തരോട് മോശമായി പെരുമാറുന്നുണ്ടെങ്കിൽ പരിശോധന കർശനമാക്കും. വിവിധ കേന്ദ്രങ്ങളിൽ ആവശ്യമായ വഴി സൂചകങ്ങൾ സ്ഥാപിക്കാനും തീരുമാനിച്ചിട്ടുണ്ട്. അടുത്ത അവലോകന യോഗം രണ്ടിന് രാവിലെ 11നു ചേരും. യോഗത്തിൽ വിവിധ വകുപ്പു പ്രതിനിധികൾ പങ്കെടുത്തു.

## അയ്യപ്പസ്വാമിക്ക് മണിയോർഡർ കാണിക്ക

ശബരിമല: ശബരിമല ശ്രീ ധർമശാസ്താവിനെ നേരിൽ കണ്ട് തൊഴാനാകാത്ത ഭക്തർ മണിയോർഡറിലൂടെ കാണിക്ക സമർപ്പിച്ച് സായൂജ്യമടയുന്നു. എല്ലാ ദിവസവും കാണിക്ക ലഭിക്കുമെങ്കിലും മണ്ഡലകാലത്തോടെ വരവ് കൂടി. മണിയോഡർ കാണിക്ക കൂടുതലും അയൽ സംസ്ഥാനങ്ങളിൽ നിന്നാണ് ലഭിച്ചിരിക്കുന്നത്. ശരാശരി മൂവായിരം രൂപ മണിയോർഡറിലൂടെ കാണിക്കയായി ലഭിക്കുമെന്ന് പോസ്റ്റ് മാസ്റ്റർ അറിയിച്ചു. കഴിഞ്ഞ രണ്ടുദിവസം മാത്രമായി 5200 രൂപയോളം കാണിക്കയായി ലഭിച്ചിട്ടുണ്ട്. വരും ദിവസങ്ങളിൽ അയ്യപ്പസ്വാമിക്കു ലഭിക്കുന്ന മണിയോർഡർ കാണിക്കയുടെ തോത് ഉയരാനാണ് സാധ്യത.

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.